**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5340** **21-07-2022 - ൽ മറുപടിയ്ക്ക്**

**വയനാട് ജില്ലയിലെ റോഡപകടങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | വയനാട് ജില്ലയിൽ കഴിഞ്ഞ വർഷം ആകെ ഉണ്ടായ റോഡപകടങ്ങൾ എത്ര; വ്യക്തമാക്കാമോ; | (എ) | 2021 കലണ്ടർ വർഷം വയനാട് ജില്ലയിൽ 545 അപകടങ്ങൾ സ്റ്റേറ്റ് ക്രൈം റെക്കോർഡ്സ് ബ്യൂറോ (SCRB) റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത കാലയളവിൽ റോഡപകടങ്ങൾ മൂലം ജീവൻ നഷ്ടപ്പെട്ട സംഭവങ്ങൾ ഉണ്ടെങ്കിൽ എത്രയെന്നും പരിക്ക് പറ്റിയ സംഭവങ്ങൾ ഉണ്ടെങ്കിൽ എത്രയെന്നും വ്യക്തമാക്കാമോ; | (ബി) | 2021 കലണ്ടർ വർഷം വയനാട് ജില്ലയിൽ സ്റ്റേറ്റ് ക്രൈം റെക്കോർഡ്സ് ബ്യൂറോ (SCRB)-യുടെ റിപ്പോർട്ട് പ്രകാരം റോഡപകടങ്ങൾ മൂലം ജീവൻ നഷ്ടപ്പെട്ട സംഭവങ്ങൾ 51 എണ്ണവും, പരിക്ക് പറ്റിയ സംഭവങ്ങൾ 467 എണ്ണവുമാണ്. |
| (സി) | ഏറ്റവും കൂടുതൽ റോഡപകടങ്ങൾ ഉണ്ടായത് ഏതുതരം വാഹനങ്ങൾ മൂലമാണെന്ന് വ്യക്തമാക്കാമോ; | (സി) | കാറുകളും മറ്റ് ലൈറ്റ് മോട്ടോർ വാഹനങ്ങളും മൂലമാണ് ഏറ്റവും അധികം റോഡപകടങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. |
| (ഡി) | റോഡപകടങ്ങൾ കുറയ്ക്കാൻ ജില്ലയിൽ ഗതാഗതവകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | (ഡി) | റോഡ് അപകടങ്ങൾ കുറയ്ക്കാൻ ജില്ലയിൽ ഗതാഗത വകുപ്പ് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br>1. വയനാട് ജില്ലയിലെ മൂന്ന് താലൂക്കിലേയും കഴിഞ്ഞ 5 വർഷത്തെ അപകട വിവരങ്ങൾ ശേഖരിച്ചു.<br>2. മേൽ വിവരങ്ങൾ വച്ച് യഥാക്രമം വൈത്തിരി താലൂക്കിൽ 26-ഉം സുൽത്താൻ ബത്തേരിയിൽ 3420-ഉം മാനന്തവാടി താലൂക്കിൽ 20-ഉം അപകടകരമായ റോഡ് സ്പോട്ടുകൾ തിരിച്ചറിഞ്ഞു.<br>3. ഇത്തരം സ്ഥലങ്ങളെ ബന്ധിപ്പിച്ച് കൊണ്ടുള്ള റോഡുകളിലെ അപകടങ്ങളുടെ എണ്ണം അനുസരിച്ച് ഗൂഗിൾ മാപ്പിൽ സ്പോർട്ട് ചെയ്തു.<br>4. ഇത്തരം സ്ഥലങ്ങളിൽ കൃത്യമായി റോഡ് ഓഡിറ്റ് നടത്തിവരുന്നു. റോഡ് ഓഡിറ്റ് പൂർത്തിയായ റോഡുകളിലെ അപകടങ്ങൾ കുറയ്ക്കുന്നതിന് വേണ്ട പരിഹാര മാർഗ്ഗങ്ങൾ ജില്ലാ റോഡ് സുരക്ഷാ |

| | | | |
|---|---|---|---|
| | | | സമിതിയിൽ സമർപ്പിച്ച് തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ